


# ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സെൻസസ് നടക്കാൻ പോകുന്നു

2021-ലെ സെൻസസ് വൈകിയതിനാൽ ഇന്ത്യയുടെ അവസാന സെൻസസ് നടന്നത് 2011-ഇൽ ആണ്. പുതുക്കിയ ജനസംഖ്യാ വിവരങ്ങൾ പുതിയ നയങ്ങൾ നിർമിക്കുന്നതിന് അനിവാര്യമാണ്.

സ്വയം വിവരങ്ങൾ രേഖപ്പെടുത്താനുള്ള (Self-enumeration) സൗകര്യം ലഭ്യമായതോടെ, സെൻസസ് ഉദ്യോഗസ്ഥർ വീടുകൾ സന്ദർശിക്കുന്നതിന് പതിനഞ്ച് ദിവസം മുമ്പ് തന്നെ ഇന്ത്യൻ നിവാസികൾക്ക് വേണമെകിൽ ഓൺലൈൻ പ്ലാറ്റ്ഫോം വഴി സ്വന്തമായി വിവരങ്ങൾ സമർപ്പിക്കാവുന്നതാണ്.

**ഈ അവസരത്തിൽ നിങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ.**

# 2027 ലെ ഇന്ത്യ സെൻസസ് രണ്ടു ഘട്ടങ്ങളായിട്ടാവും നടക്കുക

## ആദ്യ ഘട്ടം

വീടുകളുടെ പട്ടിക തയ്യാറാക്കലും ഭവന സെൻസസും

(ഏപ്രിൽ -സെപ്തംബർ 2026)

- ഈ ഘട്ടത്തിൽ വീടുകൾ, അനുബന്ധ സൗകര്യങ്ങൾ, വസ്തുവകകൾ എന്നിവയുടെ വിവരശേഖരണം സർക്കാർ നടത്തും.
- എന്യുമറേറ്ററുടെ ഭവന സന്ദർശനത്തിന് 15 ദിവസം മുൻപ് വെബ് പോർട്ടൽ വഴി നിങ്ങളുടെ വിവരങ്ങൾ സമർപ്പിക്കാവുന്നതാണ്.

## രണ്ടാം ഘട്ടം

ജനസംഖ്യ കണക്കെടുപ്പ്

(ഫെബ്രുവരി 2027)

- ജനസംഖ്യാശാസ്ത്രം, വിദ്യാഭ്യാസം, കുടിയേറ്റം, പ്രത്യുദ്പാദനനിരക്ക് എന്നീ വിവരങ്ങളോടൊപ്പം ഇത്തവണ ആദ്യമായി ജാതി സംബന്ധമായ വ്യക്തിവിവരങ്ങളും ശേഖരിക്കും.

**ആദ്യ ഘട്ടത്തിലെ 'സെൽഫ് എന്യുമറേഷൻ' അടുത്ത ആറ് മാസങ്ങളിലായി നടക്കും.**

# എന്താണ് സ്വയം കണക്ക്/വിവരം സമർപ്പിക്കൽ അഥവാ 'സെൽഫ് എന്യുമറേഷൻ'? (എസ് ഇ)

ഇന്ത്യൻ സ്വാതന്ത്ര്യത്തിനു ശേഷമുള്ള രാജ്യത്തെ എട്ടാമത്തെ സെൻസസ് ആരംഭിക്കുകയാണ്. വിവരശേഖരണം ഡിജിറ്റൽ മാർഗത്തിൽ നടത്തുന്ന രാജ്യത്തെ ആദ്യ സെൻസസ് കൂടിയാണ് ഇത്.

സെൽഫ് എന്യുമറേഷൻ സൗകര്യം ഉപയോഗിച്ച് എന്യുമറേറ്ററുടെ ഭവനസന്ദർശനത്തിന് മുൻപ് തന്നെ വീടിന്റെ വിശദവിവരങ്ങൾ ഓൺലൈൻ പോർട്ടൽ വഴി സ്വയം സമർപ്പിക്കാം.


**വേണ്ടവർ മാത്രം സെൽഫ് എന്യുമറേഷൻ ചെയ്താൽ മതിയാവും, ഇത് സെൻസസ് പ്രക്രിയ ലളിതമാക്കാൻ ഉദ്ദേശിച്ചുള്ളതാണ്.**



# എങ്ങനെ 'സെൽഫ് എന്യുമറേറ്റ്' (SE) ചെയ്യാം?

ആദ്യം, **se.census.gov.in** എന്ന വെബ് പോർട്ടൽ സന്ദർശിക്കുക.

ഇത് 16 ഭാഷകളിൽ ലഭ്യമാണ്.



# എങ്ങനെ 'സെൽഫ് എന്യുമറേറ്റ്' (SE) ചെയ്യാം?

1. അടുത്തതായി, 'എസ് ഇ' പോർട്ടലിൽ ലോഗിൻ ചെയ്യുക

2. നിങ്ങളുടെ സംസ്ഥാനം / കേന്ദ്രഭരണപ്രദേശം തിരഞ്ഞെടുത്ത് 'capcha' സോൾവ് ചെയ്യുക

3. പേരും മൊബൈൽ നമ്പറും നൽകുക*

4. നിങ്ങളുടെ വീടിരിക്കുന്ന സ്ഥലം ഭൂപടത്തിൽ നിന്നും കണ്ടെത്തുക

5. വീട്ടുവിവരങ്ങൾ നൽകുക (വീടിന്റെ നിർമ്മാണം, വസ്തുവകകൾ, വിവാഹം കഴിഞ്ഞ ദമ്പതികൾ, കുടിവെള്ളസ്രോതസ്സ് എന്നീ വിവരങ്ങൾ)

6. വിവരങ്ങൾ സമർപ്പിക്കുക, ഒരു 'എസ് ഇ' ഐഡി നമ്പർ ലഭിക്കും

7. ഈ എസ് ഇ ഐഡി നമ്പർ വീട് സന്ദർശിക്കുന്ന എന്യുമറേറ്റർക്ക് നൽകുക

*ഒരു വീടിന് ഒരു നമ്പർ ഉപയോഗിക്കാൻ പോർട്ടൽ നിർദേശിക്കുന്നു, അത് ഗൃഹനാഥയുടെയോ/ ഗൃഹനാഥന്റെയോ ആവുന്നത് ഉചിതം.

# അറിഞ്ഞിരിക്കേണ്ട പ്രധാനപ്പെട്ട തീയതികൾ:

## ഏപ്രിൽ

- ആൻഡമാൻ നിക്കോബാർ ദ്വീപുകൾ: ഏപ്രിൽ 1-15
- എൻഡിഎംസി, ഡൽഹി കന്റോൺമെന്റ് ബോർഡ്: ഏപ്രിൽ 1-15
- ഗോവ, കർണാടക, ലക്ഷദ്വീപ്, മിസോറാം, ഒഡിഷ, സിക്കിം: ഏപ്രിൽ 1-15
- ഗുജറാത്ത്, ദാദ്ര നാഗർ ഹവേലി, ദാമൻ ദിയു: ഏപ്രിൽ 5-19
- ഉത്തരാഖണ്ഡ്: ഏപ്രിൽ 10-24
- മധ്യപ്രദേശ്: ഏപ്രിൽ 16-30
- ആന്ധ്ര പ്രദേശ്: ഏപ്രിൽ 16-30
- അരുണാചൽ പ്രദേശ്: ഏപ്രിൽ 16-30
- ചണ്ഡീഗഡ്: ഏപ്രിൽ 16-30
- ഛത്തീസ്ഗഢ്: ഏപ്രിൽ 16-30
- ഹരിയാന: ഏപ്രിൽ 16-30
- ബീഹാർ: ഏപ്രിൽ 17 - മെയ് 1

തീയതി തീരുമാനിക്കാത്തത്: വെസ്റ്റ് ബംഗാൾ

BEHAN BOX

## മെയ്

- തെലങ്കാന: ഏപ്രിൽ 26 - മെയ് 10
- പഞ്ചാബ്: ഏപ്രിൽ 30 - മെയ് 14
- ഡൽഹി മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങൾ : മെയ് 1-15
- മഹാരാഷ്ട്ര: മെയ് 1-15
- മേഘാലയ: മെയ് 1-15
- രാജസ്ഥാൻ: മെയ് 1-15
- ജാർഖണ്ഡ്: മെയ് 1-15
- ഉത്തർ പ്രദേശ്: മെയ് 7-21
- ജമ്മു കാശ്മീർ, ലഡാഖ്, പുതുച്ചേരി: മെയ് 17-മെയ് 31

## ജൂൺ

- ഹിമാചൽ പ്രദേശ്: ജൂൺ 1-15
- കേരളം: ജൂൺ 16-30
- നാഗാലാൻഡ്: ജൂൺ 16-30

## ജൂലൈ

- തമിഴ്നാട്: ജൂലൈ 17 - ജൂലൈ 31
- ത്രിപുര: ജൂലൈ 17 - ജൂലൈ 31

## ആഗസ്റ്റ്

- അസം: ആഗസ്റ്റ് 2 - ആഗസ്റ്റ് 16
- മണിപ്പൂർ: ആഗസ്റ്റ് 17 - ആഗസ്റ്റ് 31


BEHAN BOX

# ഡിജിറ്റൽ സെൻസസ് 2027: അറിയേണ്ടതെല്ലാം

- ലിവ്-ഇൻ ബന്ധത്തിലുള്ള ദമ്പതികൾ "അവരുടെ ബന്ധം സുസ്ഥിരമായ ഒരു യൂണിയനായി കണക്കാക്കുകയാണെങ്കിൽ" വിവാഹിതരായി കണക്കാക്കപ്പെടും.

- സ്വയം കണക്കെടുപ്പ് (self-enumeration) സമയത്ത് ഒരു വീട്ടിൽ നിന്നും ഒരു ഫോൺ നമ്പർ എന്ന രീതിയാണ് പിന്തുടരേണ്ടത് – വീട്ടിലെ ദൈനംദിന കാര്യങ്ങൾ കൈകാര്യം ചെയുകയും തീരുമാനങ്ങൾ എടുക്കുകയും ചെയുന്ന "ഗൃഹനാഥന്റെ" നമ്പർ കൊടുക്കുന്നതായിരിക്കും ഉചിതം. ഈ പറയുന്ന "ഗൃഹനാഥൻ" ഏത് ലിംഗത്തിലുള്ള ആളും ആവാം.

- 1931 ന് ശേഷം വ്യവസ്ഥാനുസൃതമായി ജാതി കണക്കാക്കുന്ന ആദ്യത്തെ സെൻസസ്.



# ഡിജിറ്റൽ സെൻസസ് 2027

- ഇത്തരമൊരു ഡിജിറ്റൽ സെൻസസ് ഡാറ്റ സുരക്ഷാ, സ്വകാര്യത, നിരീക്ഷണം, ഉൾപെടുത്തൽ എന്നിവയെ എങ്ങനെയാണ് ബാധിക്കുന്നത്?
- 'ഗൃഹനാഥന്റെ' പേരിലാണ് കണക്കെടുപ്പ് നടക്കുന്നതെങ്കിൽ പിന്നെ സ്ത്രീകളുടെ സ്വയംഭരണാധികാരത്തിനും കർതൃത്വത്തിനും എന്ത് പ്രാധാന്യമാണുള്ളത്?
- സർക്കാരിന് കൂടുതൽ അധികാരം നൽകുന്ന ലിവ്-ഇൻ നിയമങ്ങൾ മിശ്രജാതി, മതേതര, ക്വിയർ ബന്ധങ്ങളെ എങ്ങനെയാണ് ബാധിക്കുക?

ഇന്ത്യയിലെ ജാതികളുടെ കണക്കെടുപ്പിന്റെ ചരിത്രത്തെക്കുറിച്ചും, 2027-ലെ സെൻസസ് എന്തുകൊണ്ട് ജാതി വിവേചനത്തിനൊപ്പം ജാതി ആധിപത്യവും കണക്കിലെടുക്കണം എന്നതിനെക്കുറിച്ചും പറയുന്ന ട്രിന വിതയത്തിലുമായുള്ള ഞങ്ങളുടെ അഭിമുഖം വായിക്കുക. പൂർണ്ണ അഭിമുഖം **behanbox.com**-ൽ വായിക്കുക.

Behanbox Talkies Caste Census

## 'Census 2027 Should Enumerate Caste Power Alongside Caste Apartheid'

**Saumya Kalia**

New Delhi | August 18, 2025





**അടുത്ത ഏതാനും ആഴ്ചകളിൽ ഈ വിഷയങ്ങളെക്കുറിച്ച് കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ ഞങ്ങളോടൊപ്പം ചേരുക.**

behanbox.com
instagram.com/behanbox

**BehanBox ഫെമിനിസ്റ്റ് തിരഞ്ഞെടുപ്പ് ന്യൂസ്റൂമിൽ ചേരൂ:**
**tinyurl.com/FEN-signup**

**വിവർത്തനംയും പ്രൂഫ്റീഡും ചെയ്തത്: നന്ദനാ പ്രിയ ജലേഷ്, വൈഷ്ണവി എസ് ; ബെഹൻബോക്സ് ഫെമിനിസ്റ്റ് തിരഞ്ഞെടുപ്പ് ന്യൂസ്റൂം**